
ലേഖനം

പി.എ.എം ഹനീഫ്



# ഇസ്‌ലാമിനെ നെഞ്ചേറ്റിയ കവി ടി. ഉബൈദ്

*“**ചുണ്ടിൽ** ഇശലിന്റെയീണപ്പെരുക്കം,
കവിതയിൽ ചന്ദ്രഗിരിയാറിൻ കിലുക്കം
അടിമുടിത്തൂ മലയാളത്തിളക്കം
ജീയും പീയും വൈലോപ്പിള്ളിയും
പട്ടം കെട്ടുന്ന കവിയരങ്ങിൽ
മാപ്പിളപ്പാട്ടിൻ മഹാകവിപ്പട്ടമോ
ടെന്നുമുബൈദുണ്ടായിരുന്നു
കുയിലിനും മയിലിനും പ്രാവിനും
കൂടെയാ സാഹിത്യമാവിന്റെ പൂങ്കൊമ്പിൽ
കാക്കക്കുറുമ്പനായ്
തന്നെപ്പരിഹാസ
പാത്രമാക്കിക്കൊണ്ടുബൈദിരുന്നു...”*

**ഉബൈദ് ആദ്യന്തം ഇസ്‌ലാമിൽ അഭിമാനംകൊണ്ടു. ഒപ്പം ആ ദേശീയബോധം കറകളഞ്ഞതുമായിരുന്നു. അല്ലാമാ ഇഖ്ബാലിന്റെ കേരളീയ രൂപം– ഉബൈദ് സാഹിത്യത്തെ ഒറ്റവാക്കിൽ ഇങ്ങനെ വിശേഷിപ്പിക്കാം. മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ അവിസ്മരണീയ ശാസ്ത്രനേട്ടം കവിതയിൽ പീലിവിടർത്തുമ്പോഴും ഉബൈദിലെ കവി വിശുദ്ധഖുർആനെ സാക്ഷി നിർത്തിയാണ് ആ നേട്ടത്തെ പുകഴ്ത്തുന്നത്. ചന്ദ്രക്കലയെ വർണിക്കുമ്പോഴും ആമിനയുടെ ഓമനപൈതലായ നബിയെ ഉബൈദ് കൺമുന്നിൽ കാണുന്നു.**

**കവി** ടി. ഉബൈദിനെക്കുറിച്ചെഴുതപ്പെട്ട പുതുപുത്തൻ കവിതകളിലൊന്നാണിത്. 2008 ഒക്ടോബർ 12ന് കാസർകോട് ഉബൈദ് ജന്മശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് യുവതലമുറ ഒരുക്കിയ ‘മധുരിക്കും ഇശലുകൾ’ എന്ന പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ച് കവി കൈതപ്രം ദാമോദരൻ നമ്പൂതിരി ആലപിച്ചത്.

ഈ കൊച്ചു കവിതക്ക് പിന്നിലൊരു വമ്പൻ സാഹിത്യ ചരിത്രമുണ്ട്. 1948ലെ കോഴിക്കോട് സാഹിത്യ പരിഷത്ത് സമ്മേളനത്തിൽ ചകിത ഹൃദയത്തോടെയാണ് ഉബൈദ് കടന്നുചെന്നത്. ‘പൂങ്കുയിലുകൾ സമ്മേളിച്ചിടത്ത് കാക്കക്കെന്തു കാര്യം’ എന്ന ചോദ്യവുമായി, മഹാകവിപ്പട്ടം അലങ്കരിച്ച മുഖ്യരായിരുന്ന പലരുടെയും സവർണ സാന്നിധ്യത്തിലേക്കായിരുന്നു ഉബൈദിന്റെ കാക്കാ പ്രസംഗവും സധൈര്യം കടന്ന് ഒരു സിംഹാസനം തന്നെ പിടിച്ചെടുക്കലും. ഉബൈദിലെ മനുഷ്യൻ ജീവിതയാത്രയിലൊരിക്കലും അത്തരം സാഹിത്യ സിംഹാസനങ്ങളൊന്നും കൊതിച്ചിരുന്നില്ല. പക്ഷേ, ആ പ്രസംഗം തുടങ്ങി കുറച്ചു മുമ്പോട്ടു പോയപ്പോഴേക്കും മഹാകവി ജി. ശങ്കരക്കുറുപ്പടക്കം സദസ്സാകെ ലയിച്ചിരുന്നു താളം പിടിക്കുകയായിരുന്നു.

’48-ലെ ആ പരിഷത്ത് സമ്മേളനത്തിന്റെ പ്രവർത്തകരിലൊരാളായിരുന്ന പി.എ മുഹമ്മദ് കോയ കമ്മിറ്റി മുമ്പാകെ ഒരു നിർദേശം വെച്ചു.

‘സമ്മേളനത്തിൽ മാപ്പിളപ്പാട്ടുകളെ സംബന്ധിച്ച് പ്രസംഗിക്കാൻ ടി. ഉബൈദിനെ ക്ഷണിക്കണം.’ സ്വാഗതസംഘം പ്രസിഡന്റ് വർഗീസ് കളത്തിൽ നിർദേശത്തെ പിന്തുണച്ചു. പക്ഷേ, സമ്മേളന ഭാരവാഹികളിലെ ചില ‘മഹാസാഹിത്യകാരന്മാർക്ക്’ സംശ

യം... ആ പ്രസംഗം അത്ര നന്നാകുമോ? ഒരു മുസ്‌ലിം എഴുത്തുകാരനെ, അത്രക്കൊന്നും പ്രസിദ്ധനല്ലാത്ത ഒരാളെ പരിഷത്ത് വേദിയിൽ പങ്കെടുപ്പിക്കണോ എന്നതായിരുന്നു സന്ദേഹങ്ങളുടെ ആകെത്തുക. ഒടുവിൽ ഉബൈദ് എത്തി. സമ്മേളനം കഴിഞ്ഞപ്പോൾ എല്ലാവരും ഒന്നടങ്കം സമ്മതിച്ചു, ആ സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ സംഭവം ഉബൈദിന്റെ പ്രസംഗമായിരുന്നുവെന്ന്. *മാതൃഭൂമി* മൂന്നു ലക്കങ്ങളിലായാണ് ആ പ്രസംഗം വള്ളിപുള്ളി വിടാതെ അച്ചടിച്ചത്.

മാപ്പിളപ്പാട്ടുകളുടെ സത്യസൗന്ദര്യങ്ങൾ മലയാള സാഹിത്യം അന്നാണ് അടിമുടി തുറന്നുകണ്ടത്. മാത്രമോ, മാപ്പിളപ്പാട്ടുകൾ കേരളീയതയുടെ മുമ്പാകെ അവതരിപ്പിച്ചപ്പോൾ ഒരു നിരൂപകന്റെ സാഹിത്യ മർമജ്ഞത ഉബൈദ് പ്രകടമാക്കി. ഉബൈദ് എന്ന സൗന്ദര്യോപാസകനെ, ഛന്ദശ്ശാസ്ത്രത്തിലും കാവ്യശാസ്ത്രത്തിലും അവഗാഹമുള്ള വ്യാഖ്യാതാവിനെ ഇസ്‌ലാമികവും ഭാരതീയവുമായ സംസ്കാരങ്ങളുടെ ഹൃദയമറിഞ്ഞ വിജ്ഞാനിയെ അന്ന് സവർണ സാഹിത്യ മാടമ്പികൾ അസൂയയോടെ കൺകുളിർക്കെ കണ്ടു. എന്നിട്ടോ, ഒന്നാം ക്ലാസ് യാത്രാ ടിക്കറ്റ് കൈയിലുണ്ടെന്നറിഞ്ഞിട്ടും ആ മനുഷ്യനെ മൂന്നാം ക്ലാസ്സിൽ പോലും സീറ്റുനൽകാതെ കമ്പിയിൽ തൂങ്ങി മാത്രം യാത്ര ചെയ്യാൻ അനുമതി നൽകി. സാഹിത്യലോകവും ഇസ്‌ലാമിലെ ചില പണ്ഡിത വിഭാഗവും എന്നും ഉബൈദിനോട് അവ്വിധം മാത്രം പ്രതികരിച്ചു. പ്രമുഖ നിരൂപകൻ സി.പി ശ്രീധരൻ ആ വേർപാടിനു ശേഷം അടിവരയിട്ടു പ്രസ്താവിച്ചു:

''മലയാള സാഹിത്യത്തിൽ മുസ്‌ലിം ജനതയുടെയും ഇതര ജനതയുടെയും സാംസ്കാരികവും സാഹിത്യപരവുമായ അകൽച്ചയകറ്റിയ പാലം നിർമിച്ചത് ടി. ഉബൈദാണ്."

1908 ഒക്ടോബർ 7ന് ജനിച്ചു. മാതാപിതാക്കൾ പേരെടുത്ത ഗായകരായിരുന്നു. മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ 'ഭൂപാല മംഗളം' പാടിയാണ് അന്ന് ക്ലാസ് തുടങ്ങാറ്. അഞ്ചാം ജോർജിന്റെ അപദാനങ്ങൾ മാത്രമാണ് ആ മംഗള ഗീതി. ഒന്നാം ലോകയുദ്ധത്തിൽ ബ്രിട്ടീഷുകാർ ജർമനിയുമായിട്ടാണ് യുദ്ധം. തുർക്കി സുൽത്താൻ ജർമൻ ഭാഗത്ത്. മറ്റു കുട്ടികളും അധ്യാപകരും 'ഐദനെ ജോർജ്' എന്നു പാടുമ്പോൾ ഉബൈദ് മാത്രം തുർക്കി സുൽത്താൻ എന്നു പാടി. അടിമത്ത ചങ്ങലക്കെതിരെ ആ കൊച്ചു പ്രായത്തിലേ ഉബൈദ് പ്രതികരിച്ചു. പിതാവ് എം. ആലിക്കുഞ്ഞി ഹാജി മലയാളം അറിയുന്ന ചുരുക്കം പേരിലൊരാൾ. ജൗളിക്കച്ചവടമായിരുന്നു പിതാവിന്. കാച്ചി, തട്ടം, ലുങ്കി, പർക്കാളി, കഞ്ചിപ്രാക്ക് എന്നിങ്ങനെ വസ്ത്രപ്പേരുകൾ സ്ലേറ്റിലെഴുതി പരിശീലിച്ചു. കാസർകോട് മുഇസ്സുൽ ഇസ്‌ലാമിൽ അധ്യാപകനായിരുന്ന പുളിക്കൽ പി.പി കുഞ്ഞോയി മൗലവി അക്കാലത്ത് *അൽഅമീൻ* വായനക്കാരൻ. *അൽഅമീനി*ലൂടെ ഉബൈദ്, മുഹമ്മദ് അബ്ദുർറഹ്മാനെ അറിഞ്ഞു. മലയാളത്തിന്റെ മാധുരി അറിഞ്ഞു. സാമൂഹിക പരിഷ്കരണത്തിന്റെ ആവേശം തുടികൊട്ടി തുടങ്ങിയത് കുഞ്ഞോയി മൗലവിയുമായുള്ള സഹവാസത്തിൽനിന്ന്. വ്യാകരണ വിജ്ഞാനങ്ങൾ തേടിയ വഴിയും അതുതന്നെ. മഹാ പണ്ഡിതൻ ഖാസി അബ്ദുല്ല ഹാജിയുടെ നിര്യാണത്തിൽ അനുശോചിച്ച് കീർത്തനപരമായ ഒരു പാട്ട്, അതാണ് ആദ്യ രചന. ഖാസിയാർ പള്ളിയിൽ പൊതുവേദിയിൽ ആ പാട്ട് പാടി. 1926-ൽ *അൽ അമീനിൽ* ആദ്യലേഖനം. കാസർകോട്ടെ മുസ്‌ലിംകളുടെ സാംസ്കാരിക ജീവിതത്തിന്റെ വസ്തുനിഷ്ഠ ചിത്രങ്ങളായിരുന്നു ആ ലേഖനത്തിന്റെ ആകെത്തുക. 'കാസർകോട്ടെ പണ്ഡിതന്മാരിൽ ഭൂരിഭാഗവും അന്ധവിശ്വാസം പ്രചരിപ്പിക്കുന്നു' എന്ന ഒരു വാചകം ലേഖനത്തിലുണ്ടായിരുന്നു. ആകെ കോലാഹലമായി. ഉബൈദിനെ വലിയ ജുമുഅത്ത് പള്ളിയിൽ വെള്ളിയാഴ്ച വൻ ജനാവലിയുടെ സാന്നിധ്യത്തിൽ പരസ്യമായി വിചാരണ ചെയ്യാനായിരുന്നു അന്നത്തെ ഖാദിയുടെ ഉത്തരവ്. ജുമുഅക്ക് ശേഷം നാട്ടുകാരും പ്രമാണിമാരും വട്ടമിട്ടിരുന്നു. ഒരു മൂലക്ക് പാവം ഉബൈദും. ലേഖനം സദസ്സിൽ വായന തുടങ്ങി. കാസർകോട്ടെ മതപണ്ഡിതന്മാരിൽ ഭൂരിഭാഗവും അന്ധവിശ്വാസം പ്രചരിപ്പിക്കുന്നു എന്ന വാചകത്തിലെത്തി.

'നിർത്തടാ വായന... ആരിക്കാടാ മൂരിവാതം?' ഒരു പ്രമാണിയുടെ ശബ്ദം അത്യുച്ചത്തിൽ.

ഉബൈദ് മാത്രം പുഞ്ചിരിച്ചു. മൂരിവാതമല്ല ഭൂരിഭാഗമാണെന്ന് മനസ്സിലാക്കിയ സദസ്സ് ആർത്തുചിരിച്ചു. വിചാരണയും ചീറ്റിപ്പോയി. പക്ഷേ, 1972 ഒക്ടോബർ മൂന്നിന് ആ കണ്ണുകൾ നിശ്ചലമാകുംവരെ മതപൗരോഹിത്യത്തിന്റെ ദുഷിച്ച കണ്ണും തുരുമ്പിച്ച് മുനപോയ ആയുധങ്ങളും ഉബൈദിന്റെ ശിരസ്സിനു മുകളിൽ തൂങ്ങിനിന്നു. 1931-ൽ ശെറൂൽ സാഹിബുമായി ചേർന്ന് 'രണ്ടുൽബോധന'ങ്ങൾ എഴുതി. ഉമ്മയുടെ മരണത്തെത്തുടർന്ന് സംസ്കൃത വൃത്തത്തിൽ' ബാഷ്പധാര'. തലശ്ശേരിയിൽനിന്ന് *ചന്ദ്രിക* പ്രസിദ്ധീകരണമാരംഭിച്ചത് ഈ കാലത്താണ്. *ചന്ദ്രിക*യിൽ കവിതകളും ലേഖനങ്ങളും തുടർച്ചയായി വന്നു. സാമൂഹിക പരിഷ്കർത്താവായിരുന്ന ശെറൂൽ സാഹിബുമായി ഉറ്റ മൈത്രി സ്ഥാപിച്ചു തുടങ്ങിയതാണ് ഉബൈദിന്റെ ജീവി



*ശങ്കരക്കുറുപ്പ്*

**ഇന്ത്യാ പാക് ബന്ധത്തെ ചിത്രീകരിക്കുന്ന 'സമാശ്ലേഷം' ഉബൈദിന് എത്രത്തോളം വിവിധ കാവ്യമാതൃകകളിൽ വ്യുൽപത്തി ഉണ്ടായിരുന്നുവെന്നതിന് തെളിവാണ്. എക്സ്പ്രഷനിസവും സർറിയലിസവുമൊക്കെ വിവിധ തരം ചർച്ചകൾക്കടിപ്പെടുമ്പോൾ 'സമാശ്ലേഷ'ത്തിന് ഉപയോഗിച്ച ടെക്നിക്ക് വാഴ്ത്തപ്പെടേണ്ടതാണ്. സത്‌ലജ് നദിക്കരികെ രണ്ടു സഹോദരിമാർ. ഈ സഹോദരിമാർ ഇന്ത്യയും പാകിസ്താനുമാണ്.**

തത്തിലെ സുപ്രധാന വഴിത്തിരിവ്. ആയിടക്കാണ് മഹാകവി വള്ളത്തോളിനെ നേരിട്ടു കാണാൻ ഭാഗ്യമുണ്ടായത്. ശെറൂൽ സാഹിബാണ് വള്ളത്തോളിനെ പരിചയപ്പെടുത്തിയത്. കലാമണ്ഡലത്തിന്റെ ധനശേഖരണാർഥം മഹാകവി മംഗലാപുരത്തേക്ക് തീവണ്ടിയിൽ പോവുന്നു. ഉബൈദും ശെറൂലും മഹാകവി കയറിയ കമ്പാർട്ടുമെന്റിൽ കയറി.

"ഇദ്ദേഹം മഹാകവിയുടെ ശിഷ്യത്വം സ്വീകരിക്കാൻ ആഗ്രഹിക്കുന്നു"- ശെറൂൽ ഉണർത്തിച്ചു.

"ശിഷ്യന്മാർ വർധിക്കുന്നതിൽ സന്തോഷമേയുള്ളൂ."

ഉബൈദ് തന്റെ പുതിയ കവിത മഹാകവിക്ക് സമർപ്പിച്ചു.

വള്ളത്തോൾ കവിത വായിച്ചു. ഉടനെ വന്നു വിമർശനം.

"ഐശ്വര്യപ്പൂന്തേനിലാറാടുന്നു എന്നത് ശരിയല്ല. പൂന്തേൻ എവിടെയും അൽപമേയുള്ളൂ. അതിൽ ആറാടാൻ സാധിക്കില്ലല്ലോ."

ഉബൈദിന്റെ ഹൃദയം ആലിലപോലെ വിറക്കുകയായിരുന്നു. വള്ളത്തോൾ മറ്റൊരു ഉപദേശവും നൽകി.

"ഭാഷ പഠിക്കാൻ പത്രങ്ങളെ വിശ്വസിക്കരുത്."

1936 സെപ്റ്റംബർ 16 എന്ന ആ ദിനം തന്റെ സാഹിത്യ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നായിരുന്നുവെന്ന് ഉബൈദ് അനുസ്മരിച്ചിട്ടുണ്ട്.

തെക്കൻ കർണാടകത്തിലെ ധർവാറിൽനിന്ന് *മുംതാസ്* എന്നൊരു കന്നട പത്രം ആരംഭിച്ചതുതൊട്ടാണ് കന്നടയിൽ ലേഖനങ്ങളും കവിതകളും എഴുതി തുടങ്ങിയത്. 1949ലെ നീലേശ്വരം സാഹിത്യപരിഷത്തിൽ 'വിടവാങ്ങൽ' അവതരിപ്പിച്ചു. ഐക്യകേരളത്തിനു വേണ്ടി മെയ്മറന്ന് പ്രവർത്തിക്കുന്ന കാലം.

*വിട തരികമ്മേ കന്നട ധാത്രീ...*
*കേരള ജനനി വിളിക്കുന്നു...*

കന്നട ഭൂമിയെ വളർത്തമ്മയായി നന്ദിപൂർവം സ്മരിച്ചും കേരളമാണ് തന്റെ പെറ്റമ്മയെന്ന് ഉദ്ഘോഷിച്ചും അവതരിപ്പിച്ച 'വേർപാട്' നീലേശ്വരം പരിഷത്തിന്റെ നെറ്റിപ്പട്ടമായിരുന്നുവെന്ന് സാഹിത്യ ചരിത്രകാരന്മാർ വിസ്തരിച്ചു. കവിതാ പാരായണം കഴിഞ്ഞപ്പോൾ മഹാപണ്ഡിതൻ ആറ്റൂർ കൃഷ്ണ പിഷാരടി അരികിൽ വിളിച്ച് തലോടി അനുഗ്രഹിച്ചു:

"ഈവിധം അത്യുത്തമമായ കവിതകളിനിമേലും കാണാൻ ജഗദീശ്വരൻ എന്നെ അനുഗ്രഹിക്കട്ടെ."

പിന്നീടങ്ങോട്ടുള്ള ഉബൈദിന്റെ സാഹിത്യ ജീവിതം അന്നത്തെ കാസർകോടെന്ന 'ഇരുട്ടിന്റെ ദേശ'ത്ത് സകല പ്രതിബന്ധങ്ങളെയും അതിജീവിച്ച് മലയാള സാഹിത്യ ചരിത്രത്തിന്റെ ഭാഗമായി. മലയാള മഹാനിഘണ്ടുവിന് മാപ്പിളപദങ്ങൾ സമാഹരിക്കുന്നതിന് ശൂരനാട്ടുമൊത്ത് നിഘണ്ടു കാര്യാലയത്തിൽ മാസങ്ങളോളം പ്രവർത്തിച്ചു. 1962 മുതൽ '69 വരെയും '71 മുതൽ മരണം വരെയും കേരള സാഹിത്യ അക്കാദമിയിൽ അംഗമായിരുന്നു. 1968 മുതൽ സംഗീത നാടക അക്കാദമി നിർവാഹക സമിതി അംഗം. കേരള കലാമണ്ഡലം, മലയാളം എൻസൈക്ലോപീഡിയ ഉപദേശക സമിതി, കോഴിക്കോട് സർവകലാശാല ഫൈൻ ആർട്സ് ഫാക്കൽറ്റി എന്നിവയിൽ മരണം വരെ അംഗമായിരുന്നു.

ഈ അപൂർണ ജീവചരിത്ര വിവരണങ്ങൾക്കിടയിലും എത്ര വിസ്തരിച്ചെഴുതിയാലും തീരാത്ത ഒന്ന് ഉബൈദിലെ കവിയുടെ ഇസ്ലാമികാവേശങ്ങളാണ്. ഉബൈദ് ആദ്യന്തം ഇസ്ലാമിൽ അഭിമാനംകൊണ്ടു. ഒപ്പം ആ ദേശീയ ബോധം കറകളഞ്ഞതുമായിരുന്നു. അല്ലാമാ ഇഖ്ബാലിന്റെ കേരളീയ രൂപം- ഉബൈദ് സാഹിത്യത്തെ ഒറ്റവാക്കിൽ ഇങ്ങനെ വിശേഷിപ്പിക്കാം. മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയ അവിസ്മരണീയ ശാസ്ത്രനേട്ടം കവിതയിൽ പീലിവിടർത്തുമ്പോഴും ഉബൈദിലെ കവി വിശുദ്ധഖുർആനെ സാക്ഷിനിർത്തിയാണ് ആ നേട്ടത്തെ പുകഴ്ത്തുന്നത്. ചന്ദ്രക്കലയെ വർണിക്കുമ്പോഴും ആമിനയുടെ ഓമനപൈതലായ നബിയെ ഉബൈദ് കൺമുന്നിൽ കാണുന്നു.

*'നിൻ കളിത്തോഴനായങ്ങറേബ്യാഗഗനത്തിൽ*
*നിത്യവെൺകതിർ തൂകി പ്പിഞ്ചിളം കഴൽവെച്ചു*
*പുഞ്ചിരിപ്പൂ നിലാവിൽ കാണികളായുള്ളോർ തൻ*
*നെഞ്ചകം കുളിർപ്പിച്ചു മേവിന ബാലേന്ദുവെ'*

പശ്ചിമ ചക്രവാളത്തിൽ ബാലചന്ദ്രന്റെ മന്ദഹാസം അനുഭവിക്കുന്ന ഉബൈദിലെ കവി ആമിനയുടെ ഓമന പൈതലിന്റെ മഴവില്ല് കടഞ്ഞെടുത്ത സത്താമഴകിനൊക്കും ലാവണ്യത്തെ തന്റെ സ്വാനുഭവത്തോട് കൂട്ടിഇണക്കുന്നു. മലയാളത്തിൽ ഈ ഒരൊറ്റ കാവ്യവിഷയം മഹത്തായ രചനകളിലൂടെ ഉബൈദ് ആവിഷ്കരിച്ചതിന്റെ നൂറു നൂറു ഉദാഹരണങ്ങളുണ്ട്. ആ കാവ്യലോകത്തെ മൊത്തത്തിൽ അപഗ്രഥിച്ചാൽ ഇസ്ലാമിക കവിതകളെന്ന മണൽപരപ്പിൽ ഉബൈദിന്റെ പ്രതിഭയിലൂറുന്ന കനകമണികളും മുത്തുകളുമാണ് ഏറെ ശോഭിച്ചു പരിലസിക്കുന്നതെന്നു കാണാം. ഉബൈദ് നെഞ്ചുരുകി ചോദിക്കുന്നു:

*"മറ്റേതു നേതാവിന്റെ*
*കീർത്തനം പാടേണ്ടു ഞാൻ*
*മറ്റേതു ജേതാവിന്റെ മാഹാത്മ്യം*
*പുകഴ്ത്തേണ്ടു"*

ഇന്ത്യാ പാക് ബന്ധത്തെ ചിത്രീകരിക്കുന്ന 'സമാശ്ലേഷം' ഉബൈദിന് എത്രത്തോളം വിവിധ കാവ്യമാതൃകകളിൽ വ്യുൽപത്തി ഉണ്ടായിരുന്നുവെന്നതിന് തെളിവാണ്. എക്സ്പ്രഷനിസവും സർറിയലിസവുമൊക്കെ വിവിധ തരം ചർച്ചകൾക്കടിപ്പെടുമ്പോൾ 'സമാശ്ലേഷ'ത്തിന് ഉപയോഗിച്ച ടെക്നിക്ക് വാഴ്ത്തപ്പെടേണ്ടതാണ്. സത്ലജ് നദിക്കരികെ രണ്ടു സഹോദരിമാർ. ഈ സഹോദരിമാർ ഇന്ത്യയും പാകിസ്താനുമാണ്. താന്താങ്ങളുടെ ബന്ധത്തിന്റെ ആഴം, വിഭജനം സൃഷ്ടിച്ച ഉണങ്ങാ മുറിവ് തുടങ്ങിയവ നൊമ്പരത്തോടെ കൈമാറുമ്പോൾ......

*സോദരിമാരാണല്ലോ നാമിരുപേരുമേക*
*മാതൃവാത്സല്യ സ്തന്യമൊരുപോൽ നുകർന്നല്ലീ*
*തറവാടിങ്കൽ ക്രമാലംഗങ്ങൾ പെരുകുമ്പോൾ*
*പിരിഞ്ഞു നവ്യഗേഹം പണിതു പാർക്കാറില്ലേ*

ഈ പാർപ്പിനിടക്ക് ഉത്ഭവിക്കുന്ന സകല കെടുതികളും അവർ പങ്കുവെക്കുന്നു.

സ്വതന്ത്ര ഭാരതത്തിന്റെ ഇന്നത്തെ ദുർചിത്രങ്ങൾ ഉബൈദിലെ കവി എന്നേ പാടിക്കഴിഞ്ഞു.

*'ചേണുറ്റ സംസ്കാരത്തിൻ*
*സൗരഭം താവീടുന്ന*
*സൂനങ്ങൾ പൂക്കും ധർമവല്ലികൾ*
*വാടിക്കണ്ടു*

ഈ അധഃപതന കാലങ്ങളിൽ ഇന്ത്യ അസംതൃപ്തയാണ്. ദുഖിതയാണ്.

*ചീഞ്ഞളിഞ്ഞീടും മേനിക്കുടുപ്പാൻ നൽപ്പൂമ്പട്ടു*
*കഞ്ചുകം തയ്ക്കും വേല*
*നിശ്ചയം പരിഹാസ്യം*

നല്ലൊരു ദാർശനികനും ചിന്താവിപ്ലവങ്ങളുടെ പ്രോദ്ഘാടകനും ഉബൈദിലെ കവിയിൽ ഉത്തരോത്തരം സമ്മേളിച്ചു. ഉബൈദിന് ഒറ്റ മോഹമേ സാക്ഷാത്കരിക്കേണ്ടതുള്ളൂ.


*ശിഷ്ടകാലത്തെങ്കിലും നിൻ*
*തൃപ്തി നേടുവാനേ*
*ശേഷിയേകിക്കാത്തരുൾകീ*
*ദാസനേ റഹ്മാനേ....*

തനിക്കുള്ളതെല്ലാം- ചിന്ത, പ്രതിഭ, കവിത്വം, രാജ്യ സ്നേഹമൊക്കെയും ഇസ്ലാമിന്റെ മൂശയിലുരുക്കി അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യംവെച്ച് അക്ഷരത്തെ ഉപാസിച്ച മനുഷ്യൻ, അതായിരുന്നു ടി. ഉബൈദ്.

1972 ഒക്ടോബർ 14ലെ



*മുഹമ്മദ് അബ്ദുർറഹ്മാൻ*



*1972-ലെ പ്രബോധനം വാർഷിക പതിപ്പിൽ ടി. ഉബൈദ് എഴുതിയ കവിത*

*പ്രബോധനം* ആ വിയോഗത്തെ തുടർന്നെഴുതിയ മുഖക്കുറിപ്പിൽ: "...... വിഭാഗീയ ചിന്തകളുടെ കറപുരളാതെ സ്വന്തം വ്യക്തിത്വം പരിരക്ഷിച്ച പരേതൻ എല്ലാവരുടെയും സ്നേഹാദരവുകളാർജിച്ച ഒരജാത ശത്രുവായിരുന്നു. *പ്രബോധന*ത്തെ സംബന്ധിച്ചേടത്തോളം ഒരു ഉത്തമ ഗുണകാംക്ഷിയുടെ നഷ്ടം കൂടിയാണ് ഈ മരണം. തന്റെ കലാസൃഷ്ടികൾ കൊണ്ട് *പ്രബോധന*ത്തിന്റെ താളുകൾ സമ്പന്നമാക്കിയ ആ തൂലിക ഇനി ചലിക്കുകയില്ല. രണ്ടു വർഷം മുമ്പ് അദ്ദേഹം ഞങ്ങൾക്കെഴുതിയ കത്തിലെ ചില ഭാഗങ്ങൾ ഇവിടെ അനുസ്മരിച്ചു പോവുകയാണ്.

"ഇസ്‌ലാമിന്റെ ശുശ്രൂഷയിൽ സാഹിത്യപരമായി *പ്രബോധനം* നിർവഹിച്ചു വരുന്ന പങ്ക് അത്യന്തം ശ്ലാഘനീയമാണ്. അതിനെക്കുറിച്ചെല്ലാം എഴുതണമെന്ന് ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്. വാർധക്യസഹജമായ വിസ്മൃതിയും നീട്ടിവെക്കൽ ശീലവും എന്നെ തടഞ്ഞു. ഇസ്‌ലാമിന്റെ പേരിൽ പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന പല പ്രസിദ്ധീകരണങ്ങളും നമ്മുടെ മഹത്തായ സംസ്കാരത്തെ വ്യണപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ യുക്തമായ ചികിത്സ നടത്തിക്കൊണ്ട് ആ പാരമ്പര്യത്തിന്റെ മഹിത പതാക പറപ്പിക്കുന്ന *പ്രബോധനം* സമുദായത്തിനൊരു നേട്ടം തന്നെയാണ്."

ഒടുവിൽ നാളെയുടെ ദീപം യുവത്വത്തിന്റെ കൈയിലേൽപിച്ച് ഉബൈദ് പാടി:

*വരുന്നൂ, ധീരയുവത്വമേകോപിച്ചു*
*വരുന്നൂ കാപട്യത്തിൻ ദുർഗങ്ങൾ തകർക്കുവാൻ,*
*ഉത്തരോത്തരം തക്ബീർ നിർഘോഷം മുഴക്കിക്കൊ-*
*ണ്ടെത്തിപ്പോയിതാ, ഞങ്ങൾ സ്വാർഥതേ വഴിമാറൂ*

ഈ വരികൾ ഉബൈദ് ജന്മശതാബ്ദി വേളയിൽ നമുക്കുറക്കെ പാടാം. ■